MONDAY 08.01.2024 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/01/2024

1. സംസ്ഥാനത്തു ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി ആർ.ഡി.ഒ. ഓഫിസുകൾ കേന്ദ്രീകരിച്ച് അദാലത്തുകൾ നടത്തുമെന്നു റവന്യൂ മന്ത്രി കെ. രാജൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ജനുവരി 15നു മാനന്തവാടിയിൽ ആരംഭിച്ചു ഫെബ്രുവരി 17ന് ഫോർട്ട്കൊച്ചിയിൽ അവസാനിക്കത്തക്ക വിധമാണ് സംസ്ഥാനത്തെ 27 ആർ.ഡി.ഒ. ഓഫിസുകളിലുമായി അദാലത്ത് സംഘടിപ്പിക്കുന്നതെന്നും മന്ത്രി പറഞ്ഞു. മുഴുവൻ അദാലത്തുകളിലും റവന്യൂ വകുപ്പ് മന്ത്രി നേരിട്ട് പങ്കെടുക്കും. ആദ്യഘട്ടമായി സൗജന്യ തരം മാറ്റത്തിന് അർഹതയുള്ള അപേക്ഷകളാണ് അദാലത്തിലൂടെ തീർപ്പാക്കുക. 25 സെന്റ് വരെ വിസ്തൃതിയുള്ള ഭൂമിക്കാണ് സൗജന്യത്തിന് അർഹതയുള്ളത്. ഓരോ ആർ.ഡി.ഒ ഓഫീസുകളിലും 2023 ഡിസംബർ വരെ കുടിശ്ശിക ആയ ഇത്തരത്തിലുള്ള എല്ലാ അപേക്ഷകളും അദാലത്തിലേക്ക് പരിഗണിക്കും. അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ അക്ഷയ കേന്ദ്രവുമായി ബന്ധപ്പെട്ട് തങ്ങളുടെ അപേക്ഷകൾ അദാലത്തിൽ പരിഗണിക്കപ്പെടുമോ എന്ന് ഉറപ്പാക്കേണ്ടത് അദാലത്തിൽ പങ്കെടുക്കേണ്ടതുമാണ്. അദാലത്തിൽ തീർപ്പാക്കുന്ന അപേക്ഷകളുടെ തരം മാറ്റ ഉത്തരവുകൾ അന്നേ ദിവസം തന്നെ വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

2. സംസ്ഥാന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകി വരുന്നു. മണ്ണ് പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്.. താൽപര്യമുള്ള കർഷകർ തണലത്ത് ഉണക്കിയ കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0477 2236294 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3. തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ പരിപാലിച്ചുവരുന്ന 75 – 80 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞ് ഒന്നിന് 200 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് വിതരണത്തിനായി തയ്യാറായിട്ടുണ്ട് കൂടുതൽ വിവരങ്ങൾക്ക് 0471 -2413195 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

4. കേരള കാർഷിക സർവകലാശാല ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ 'നഴ്സറി പരിപാലനവും പ്രജനന രീതികളും' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന അഞ്ചുദിവസത്തെ പ്രവർത്തി പരിചയ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ഫീസ് 2500 രൂപയാണ്. ആദ്യം ബുക്ക് ചെയ്യുന്ന 10 പേർക്കാണ് പ്രവേശനം. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കാർഷിക സർവകലാശാല സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2961457 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. പാലക്കാട് ജില്ലയിലെ ആലത്തൂർ വാനൂരിലുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ പാലക്കാട്, തൃശൂർ ജില്ലകളിലുള്ളവർക്ക് ക്ഷീരോത്പന്ന നിർമാണത്തിൽ പരിശീലനം നൽകുന്നു. ജനുവരി 11 മുതൽ 23 വരെയാണ് പരിശീലനം നടക്കുക. പരിശീലനത്തിൽ ക്ഷീരകർഷകർ, കുടുംബശ്രീ അംഗങ്ങൾ, സംരംഭകർ എന്നിവർക്ക് പങ്കെടുക്കാം. താല്പര്യമുള്ളവർ ജനുവരി 8 ന് വൈകുന്നേരം 3 ന് മുമ്പ് രജിസ്റ്റർ ചെയ്യുക. 135

രൂപയാണ് പ്രവേശന ഫീസ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ/തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് കൊണ്ടുവരേണ്ടതാണ്. dtcalathur@gmail.com എന്ന ഇമെയിലിലോ 9446972314, 9496839675, 9544554288, 04922-226040 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ രജിസ്റ്റർ ചെയ്യുക.

6. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി 10 മുതൽ 22 വരെയുള്ള 10 ദിവസങ്ങളിലായി 'ക്ഷീരോത്പന്ന നിർമ്മാണ പരിശീലന'. പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താത്പര്യമുള്ള ക്ഷീര കർഷകർക്കും സംരഭകർക്കും ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലനാർത്ഥികൾ 2024 ജനുവരി 09 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം